**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5616** **08-07-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയെ പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സേനയെ പരിഷ്കരിക്കാൻ ലക്ഷ്യമിട്ട് കോടതി നൽകിയ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതിൽ സംസ്ഥാന പോലീസ് മേധാവി നേരിട്ട് ഹാജരായി വിശദീകരണം നൽകണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിൽ പാലിക്കേണ്ട രീതികൾ സംബന്ധിച്ച കോടതി മുമ്പാകെയുള്ള കേസിൽ 03.09.2021 ലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിരുന്ന സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുന്നതിന് 08.01.2024 നും 26.06.2024 നും ഓൺലൈനിൽ ഹാജരാകുന്നതിന് കോടതി നിർദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് മറ്റ ഉത്തരവുകളൊന്നും ബഹു. ഹൈക്കോടതിയിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് സേനയുടെ പരിഷ്കരണം സംബന്ധിച്ച് കോടതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ അഭ്യന്തര വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | പോലീസ് സേനയുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ലാ സംസ്ഥാന മോണിട്ടറിംഗ് സിസ്റ്റവും ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ